കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1 /04/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –11/03/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

j

കെ.എസ്.എ.കെ.എൽ.എം.പി-1 /04/2019 തീയതി:11/03/2019

## കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 24-10-2017 മുതൽ
12-12-2018 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.12.2018. മുതൽ 19.12-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ജി.സിന്ധു | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | ശ്രീമതി.മഞ്ജുളാസാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുബി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജമീലാബീവി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രഞ്ചു സുരേഷ് | 1-4-2017 മുതൽ 31-3-2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീമതി.സൗമ്യ ഗോപാലകൃഷ്ണൻ | 1-4-2017 മുതൽ 31-3-2018വരെ |
| അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബി.വിജയകുമാർ | 1-4-2017 മുതൽ 2-10-2017വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,കുളത്തുപ്പുഴ) | ഡോ.ഹരീഷ് | 1-4-2017 മുതൽ 11-5-2017വരെ |
| | ഡോ.നിവിൻ തോമസ് | 12-5-2017 മുതൽ 30-5-2017വരെ |
| | ഡോ.ബിജി | 1-6-2017 മുതൽ |

| | | |
|---|---|---|
| | | 25-9-2017വരെ |
| | ഡോ.ഹാരിഷ് | 25-9-2017 മുതൽ 31-1-2018വരെ |
| | ഡോ.സജീനാബീഗം | 1-2-2018 മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,അഞ്ചൽ) | ഡോ.സജീവ് | 1-4-2017 മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.ശ്യാംകൃഷ്ണൻ | 1-4-2017 മുതൽ 31-3-2018വരെ |
| സി.ഡി.പി.ഒ | ശ്രീമതി.സുധർമ്മിണി.എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| എ.ഡി.എ | ശ്രീ.കുരികേശു.എ | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ.സന്തോഷ് | 1-4-2017 മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുരേഖ | 1-4-2017 മുതൽ 31-3-2018വരെ |
| എസി.സി.ഡി.ഒ | ശ്രീമതി.സബിത | 1-4-2017 മുതൽ 24-6-2017വരെ |
| | ശ്രീമതി.റാണി.പി.ജി | 25-6-2017 മുതൽ |

| | | |
|---|---|---|
| | | 7-10—2017 വരെ |
| | ശ്രീ.സുനിൽ.എം | 8-10-2017 മുതൽ 07-11-2017 വരെ |
| | ശ്രീ.നിഷാദ് | 8-11-2017 മുതൽ 23-1-2018 വരെ |
| | ശ്രീ.ശ്രീകുമാർ | 24-1-2018 മുതൽ 07-2-2018 വരെ |
| | ശ്രീ.ജോൺ മാത്യു | 8-2-2018 മുതൽ 31-3-2018വരെ |
| പട്ടികവർഗ്ഗവികസന ഓഫീസർ | ശ്രീ.ഷിനബാബുക്കുട്ടി | 01-4-2017 മുതൽ 31-3-2018വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം -2 | |
| 13 | വരവുതുകകൾ ഡേബുക്കിൽ ഉൾപ്പെടുത്തി ഒടുക്കിയിട്ടില്ല | 2-1 |
| 14 | വരവ് രേഖകൾ-അപാകത | 2-2 |
| | ഭാഗം -3 | |
| 15 | ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത റിസോഴ്സ് സെന്ററിനായി സാധനങ്ങൾ വാങ്ങിക്കൂട്ടി - നഷ്ടം 5,910 /- രൂപ തടസ്സം-2,60,707/- രൂപ | 3-1 |
| 16 | പകൽ വീടുകൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ ടെൻഡർ നടപടികളിൽ അപാകത - നഷ്ടം 65,010 രൂപ - വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തില്ല - തടസ്സം 1,499,010/- രൂപ | 3-2 |
| 17 | വികസന വിദ്യാകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ - റീടെണ്ടർ നടത്തിയില്ല | 3-3 |
| 18 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | ബ്ലോക്കുതല കായിക ടീം രൂപീകരണം-പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ | 3-5 |
| 20 | ക്രമപ്രകാരമല്ലാതെ പദ്ധതിവിഹിതത്തിൽനിന്നും ചെലവ് ചെയ്തു | 3-6 |
| 21 | പൊതുസ്ഥലങ്ങളിൽ കശുമാവ്കൃഷി -മുന്നൊരുക്കങ്ങളില്ലാതെ പദ്ധതി നടപ്പാക്കി | 3-7 |
| 22 | അഗസ്ത്യക്കോട്-മങ്ങാട്ട് പൊയ്ക റോഡ് റീടാറിംഗ്,5/18 | 3-8 |
| 23 | പത്തടി അക്കീക്കൽ തുമ്പോട് റോഡ് റീടാറിംഗ്,25/18 | 3-9 |
| 24 | രേഖകൾ ലഭ്യമല്ല, തടസ്സപ്പെടുത്തുന്ന തുക 75,000/-രൂപ | 3-10 |

| | | |
|---|---|---|
| 25 | കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തത് സംബന്ധിച്ച് | 3-11 |
| 26 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-12 |
| 27 | നാപ്കിൻ യൂണിറ്റ് സ്ഥാപിക്കൽ -ടെണ്ടർ അപാകത | 3-13 |
| | ഭാഗം -4 | |
| 28 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപം | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷ ബജറ്റ് 27.3.17 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 15.5.2018 | 23.6.18 | 11.7.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 8.06.2018 | കെ.എസ്.എ.കെ.എൽ.എം.പി-1-1258/2018, തീയതി-5.9.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12,06,38,719 |
| വരവ് | 27,37,44,945 |
| ആകെ | 39,43,83,664 |
| ചെലവ് | 30,93,21,508 |
| നീക്കിയിരിപ്പ് | 8,50,62,156 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 7,48,94,969 | 7,48,94,969 | 7,06,33,650 | 42,61,319 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2,33,60,000 | 2,33,60,000 | 2,28,00,113 | 5,59,887 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 30,37,000 | 30,37,000 | 30,05,187 | 31,813 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 95,28,000 | 95,28,000 | 95,28,000 | 0 |
| സാക്ഷരത | 58,894 | 2,382 | 61,276 | 0 | 61,276 |
| ദുരിതാ ശ്വാസനിധി | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| റ്റി.എസ്.സി | 22,85,949 | 82,871 | 23,68,820 | 3,86,400 | 19,82,420 |
| IWMP | 5,440 | 65,429 | 70,869 | 50,100 | 20,769 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 0 | 65,39,550 | 65,39,550 | 2,75,32,861 | 86,61,486 |
| | ജില്ലാ പഞ്ചായത്ത് | 0 | 2,96,54,797 | 2,96,54,797 | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2,82,70,279 | 35,81,850 | 3,18,52,129 | 3,14,91,477 | 3,60,652 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9,00,18,157 | 12,78,51,116 | 21,78,69,273 | 19,89,59,442 | 1,89,09,831 |
| | ട്രഷറി അക്കൗണ്ട് | | | | | |
| | | 12,06,38,719 | 27,37,44,945 | 39,43,83,664 | 30,93,21,508 | 8,50,62,156 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 17,37,39,574 | 108 | 10,59,66,950 | 2 | 37 | 73.46 |

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 36 | 4,97,77,349 | 4,63,24,545 | 93 |
| അസി. എക്സിക്യൂട്ടീവ്എഞ്ചിനീയർ | 83 | 32 | 17,37,39,574 | 10,59,66,950 | 60.9 |
| അസി.ഡയറക്ടർ, കൃഷി | 4 | 3 | 22,97,501 | 11,73,501 | 51 |
| സീനിയർ വെറ്ററിനറി സർജൻ/ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 6 | 4 | 3,83,96,800 | 1,29,78,400 | 34 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 8 | 7 | 66,15,000 | 62,65,000 | 94.7 |
| സി.ഡി.പി.ഒ | 2 | 2 | 5,50,000 | 5,40,000 | 98 |

| | | | | | |
|---|---|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | 7 | 5 | 52,58,929 | 17,16,735 | 32.6 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 10,40,000 | 10,40,000 | 100 |
| ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ | 3 | 3 | 9,93,700 | 9,61,887 | 96.79 |

പശ്ചാത്തലമേഖലയിൽ മുഖ്യ നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചെലവ് 50%ൽ താഴെയാണെന്നത് പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ട വസ്തുതയാണ്. ഈ മേഖലയിലെ പ്രശ്നങ്ങളും പ്രശ്നസാധ്യതകളും കണ്ടെത്തി ആയവ പരിഹരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധിക്കേണ്ടതാണ്. സാമൂഹികമായി പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന ഒരു വിഭാഗത്തിന്റെ സമഗ്രവികസനത്തിന് മുഖ്യ പങ്ക് വഹിക്കേണ്ട പട്ടികജാതിവികസന ഓഫീസറുടെ പദ്ധതിചെലവ് കേവലം 32.66 ശതമാനം മാത്രമാണ്. കാർഷികമേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകി പ്രോജക്ടുകൾ ഏറ്റെടുക്കാൻ ചുമതലപ്പെട്ട കൃഷി ഡെപ്യൂട്ടി ഡയറക്ടർ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കൃഷിയിടങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി നൂതന തന്ത്രങ്ങൾ ആവിഷ്കരിച്ച് കാർഷിക മേഖലയിൽ പുനരുജ്ജീവനം സാധ്യമാക്കുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മറ്റിയും കാർഷികമേഖലയിലെ വർക്കിംഗ് ഗ്രൂപ്പും നടപടികൾ സ്വീകരിക്കേണ്ടതാണ്. മൃഗസംരക്ഷണമേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ സീനിയർവെറ്റിനറി സർജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ മേഖലയിലെ ചെലവ് കേവലം 34 ശതമാനം മാത്രമാണ്. ഗ്രൂപ്പ് സംരംഭങ്ങളിലൂടെ മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കാനാുദ്ദേശിച്ച പല പദ്ധതികളുടേയും തുടർമോണിട്ടറിംഗ് നടന്നിട്ടില്ല. പശുവളർത്തൽ പദ്ധതി, ആട് വളർത്തൽ പദ്ധതി ഇവ ഇക്കൂട്ടത്തിൽപ്പെടുന്നു. ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെചുമതലയിൽ സി.ഡി.പി.ഒ നടപ്പാക്കിയ നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ച ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ മേഖലയിലേയും വികസനം ലക്ഷ്യമാക്കി പ്രോജക്ട് ആശയങ്ങൾ രൂപീകരിക്കാനും നടപ്പാക്കാനും സ്റ്റാന്റിംഗ് കമ്മറ്റികളും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്. പ്രായോഗികമല്ലാത്ത പദ്ധതികൾ ഒഴിവാക്കി പ്രദേശത്തിന്റെ

ആവശ്യകതകൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2018-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടില്ല. ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ വരവുകളും സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നില്ല. ചെലവ് വൗച്ചറുകൾ സാംഖ്യ സമ്പ്രദായപ്രകാരം അക്കൗണ്ട്ചെയ്ത് വൗച്ചർ നമ്പർ ക്രമത്തിൽ സൂക്ഷിച്ചുവരുന്നില്ല. വരവുതുകകൾക്ക് മാനുവൽ രസീത് നൽകി സ്വീകരിക്കുകയും എന്നാൽ പിന്നീട് സാംഖ്യയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. പല രസീതികളും സാംഖ്യയിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ഇനങ്ങളിലായി ലഭിക്കുന്ന തുകകൾ അതാത് ഹെഡിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ഇക്കാരണത്താൽ സംയുക്ത പദ്ധതികൾക്ക് ഉൾപ്പെടെ ലഭിക്കുന്ന തുകകളുടെ കൃത്യമായ വിനിയോഗവിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാംഖ്യ അധിഷ്ഠിത ക്യാഷ്ബുക്ക്, ഡേബുക്ക് ഇവ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമല്ല. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടീലുകൾ ഉണ്ടാകേണ്ടതാണ്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ പർച്ചേസിംഗ് കമ്മറ്റി മിനിട്സ് സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചുവരുന്നില്ല.സ്റ്റോക്ക്

പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിക്കുന്നില്ല. ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വാടകരജിസ്റ്റർ ഇവയൊന്നും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. ആസ്തി സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്കുപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണസംവിധാനം ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്നില്ല എന്ന് കണക്കാക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്താനും ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും ഓഡിറ്റ് ശുപാർശചെയ്യുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യമുൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടേയും സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.17 | 2016-2017 | 28.12.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.2017 | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തിതിനാൽ ബി-7-ഷെഡ്യൂളിലെ തുകകളുടെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2.. ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യം നിർണ്ണയിച്ച് സൂക്ഷിക്കാത്തതിനാൽ ബി-11 ഷെഡ്യൂളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യപത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1) സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകയുടെ വിനിയോഗവിവരം സാംഖ്യയിൽ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. ആയതിനാൽ ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ AFS-മായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വരവ് തുകകൾ ഡേബുക്കിൽ ഉൾപ്പെടുത്തി ഒടുക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന മാനവൽ രസീത് പ്രകാരം വരവുവന്ന തുകകൾ സാംഖ്യയിൽ വരവ് രേഖപ്പെടുത്തി ഒടുക്കിയതായി കാണുന്നില്ല. മേൽ വരവു തുകകൾ സാംഖ്യയിൽ വരവു വച്ചത് ബോദ്ധ്യപ്പെടാൻ സാംഖ്യ രസീതുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർക്കുന്ന തുകയുടെ റമിറ്റൻസ് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ടി രസീതുകൾ പ്രകാരമുള്ള വരവ് തുക ബാങ്കിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം വരവ് നഷ്ടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. മേൽ വിവരം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| രസീത് നം/തീയതി | വരവ് തുക (രൂപ) | ഇനം |
|---|---|---|
| 572/90/7.12.17 | 59,750 | ഐ.എ.വൈ വരവ് |
| 572/91/3.2.18 | 3,650 | രാജീവ്,ടെണ്ടർ വരവ് |
| 572/92/3.2.18 | 250 | രാജീവ്,-ടി- |
| 572/93/5.2.18 | 3,650 | സത്യരാജൻ |
| 572/94/5.2.18 | 4,800 | അയൂബ്ഖാൻ,ടെണ്ടർ വരവ് |
| 572/95/5.2.18 | 5,250 | മുഹമ്മമദ് ഖാൻ |
| 572/96/5.2.18 | 5,950 | ബദറുദ്ദീൻ |
| 572/97/5.2.18 | 5,950 | ഷാജഹാൻ |
| 572/98/5.2.18 | 4,350 | അനീഷ്കുമാർ |

| | | |
|---|---|---|
| 572/99/5.2.18 | 4,800 | അനിൽകുമാർ |
| 572/100/5.2.18 | 3,250 | തങ്കപ്പൻ |
| ആകെ | 1,01,650 | |

ഓഡിറ്റ് എൻക്വയറി നം. **– 14/19.2.2018**

**2-2** വരവ് രേഖകൾ–അപാകത

എ)രസീതു ബുക്കിലെ അപാകതകൾ

ജി.ഒ(എം.എസ്) നമ്പർ 83/11/എൽ.എസ്.ജി.ഡി, 28.03.2011 ലെ അദ്ധ്യായം 8.83 പ്രകാരം സ്ഥാപനത്തിൽ രസീത്ബുക്ക് ലഭിച്ച ഉടനെ രസീതുകളുടെ എണ്ണം തിട്ടപ്പെടുത്തിയശേഷം നമ്പറിടുകയും സ്റ്റോക്ക് ബുക്കിൽ എഴുതിച്ചേർക്കുകയും ചെയ്യേണ്ടതാണ്. പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറിയോ അക്കൗണ്ടന്റോ ഇക്കാര്യത്തിനുവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ രസീതു ബുക്കിൽ ഒപ്പുവയ്ക്കേണ്ടതാണ്. രസീത് ബുക്കുകൾ ഇഷ്യൂചെയ്യുന്നത് അവയുടെ നമ്പർ ക്രമത്തിലായിരിക്കണം. സ്റ്റോക്ക് ബുക്കിൽ രസീത് ബുക്ക് ലഭിച്ച ഉദ്യോഗസ്ഥൻ ഒപ്പിടുകയും ചെയ്യേണ്ടതാണ്. എന്നാൽ അഞ്ചൽ ബ്ലോക്കുപഞ്ചായത്തിൽ രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രസീതുകളുടെ കൗണ്ട് സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തികവർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ ക്യാൻസൽ ചെയ്യാതെ തുടർവർഷങ്ങളിലും ഉപയോഗിച്ചുവരുന്നു. 2016-2017-ൽ ഉപയോഗിച്ച രസീതുബുക്കുകൾ 2017-18-ലും ഉപയോഗിച്ചിരിക്കുന്നു. 2017-18 കാലയളവിൽ ഉപയോഗിച്ച 201-ാം നമ്പർ രസീത് ബുക്ക് തന്നെയാണ് 2018-19 ലും ഉപയോഗിക്കുന്നത്. ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ ആ സാമ്പത്തിക വർഷം ഉപയോഗിച്ചിരുന്ന രസീതുബുക്കുകളിൽ ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. കയ്യെഴുത്തു സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതുന്നതിൽ വീഴ്ചവരുത്തുന്നു. രസീതിന്റെ അസൽ ആഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആളിനു നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ബി)സാംഖ്യ രസീതുകൾ ഉപയോഗിക്കുന്നില്ല.

അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവത്കരിച്ചതിനാൽ കമ്പൂട്ടർവൽകൃത രസീതുകളായ സാംഖ്യാരസീതുകൾ ഉപയോഗിക്കണമെന്നിരിക്കെ നാളിതുവരെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യാരസീതുകൾ ഉപയോഗിച്ചതായോ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതായോ കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം./തീയതി- 4/17.12.18

സി)വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2017-2018 വാർഷിക ധനകാര്യപത്രിക പ്രകാരം വാടക ഇനത്തിൽ വരവുണ്ടെങ്കലും ആയത് പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയില്ല. വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ലേലം, ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം എന്നീ വരവുകൾ പരിശോധിക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ, ഓഡിറ്റ് എൻക്വയറി എന്നിവ പ്രകാരം രേഖകൾ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം.3/തീയതി-17.12.18

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത റിസോഴ്സ് സെന്ററിനായി സാധനങ്ങൾ വാങ്ങിക്കൂട്ടി - നഷ്ടം **5,910 /-** രൂപ തടസ്സം-**2,60,707/-** രൂപ

നിർവ്വഹണം-സെക്രട്ടറി

ഓഡിറ്റ് തീയതി വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ബ്ലോക്ക് റിസോഴ്സ് സെന്ററിന് മുൻവർഷം (2016-17-ൽ) 1,70,217/- രൂപ ചെലവഴിച്ച് ഓരോ ടെലിവിഷൻ, അലമാര , എക്സിക്യൂട്ടീവ് റിവോൾവിംഗ് ചെയർ, കമ്പ്യൂട്ടർ, പ്രിൻറർ, സ്റ്റീൽ മേശ എന്നിവയും 23 വിസിറ്റേഴ്സ് ചെയറും വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് വർഷവും 2,66,617/- രൂപയുടെ വാങ്ങലുകൾ ഇതേ സ്ഥാപനത്തിനായി നടത്തിയിട്ടുണ്ട്. ഇതിൻ 3 പെഡസ്റ്റൽ ഫാനുകൾ, 4 സീലിംഗ് ഫാനുകൾ, 1,10,000/- രൂപ മൊത്തം വിലയുള്ള പുസ്തകങ്ങൾ , ഓരോ കമ്പ്യൂട്ടർ - പ്രിന്റർ, സ്കാനർ, ടെലിവിഷൻ, എന്നിവയും 4 അലമാരയും, 21 സ്റ്റീൽ കസേരയും

ഉൾപ്പെടുന്നു. ചെലവുവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|
| 71/17-18 | 26-03-18 | 13,460 |
| 74/17-18 | 31-03-2018 | 1,10,000 |
| 81/17-18 | 31-03-2018 | 45,270 |
| 84/17-18 | 31-03-2018 | 28,900 |
| 82/17-18 | 31-03-2018 | 68,987 |
| | | 2,66,617 |

ഈ പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1 )മുൻവർഷത്തെ പദ്ധതിപ്രകാരം ഇതേ ആവശ്യത്തിന് ഓരോ ടെലിവിഷനും കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയിരുന്നു. വീണ്ടും ഈ വർഷം ഇതേ സാധനങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. റിസോഴ്സ് സെൻറർ പ്രവർത്തനം ആരംഭിക്കാത്ത സ്ഥിതിയ്ക്ക് അവ എവിടെ എങ്ങനെ ഉപയോഗിക്കുന്നു എന്നതും ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി -11 ന് മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ഇതേ ആവശ്യത്തിന് വാങ്ങിയ ഇനങ്ങൾ റിസോഴ്സ് സെന്ററിൽ ഉപയോഗിച്ചിട്ടില്ല എന്നു വ്യക്തമായതിനാൽ പിന്നീട് ഇതേ സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

2) ടെൻഡർ നടപടികൾ കൂടാതെ മോഡേൺ ബുക്സ് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ട് 1,10,000/- രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നു. ആയത് ക്രമമല്ല. മാത്രമല്ല പ്രസ്തുത പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

3) ടെൻഡർ നടപടികളിലൊന്നും ഉൾപ്പെടാത്ത സ്കാനർ 4,100 രൂപ നൽകി വാങ്ങിയിരിക്കുന്നു. അതിന് വിശദീകരണം നൽകേണ്ടതാണ്

4) ടെലിവിഷൻ വാങ്ങിയിരിക്കുന്നത് ഏറ്റവും കൂടിയ നിരക്ക് ക്വാട്ടുചെയ്ത തമ്പുരാൻ കാലയിൽ എന്ന സ്ഥാപനത്തിൽ നിന്നാണ്. [ബിൽനം: 84/17-18 തീ-31-3-18 രൂപ-28,900] അതിനെക്കാൾ കുറഞ്ഞ നിരക്കായ 22,990 രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങാത്തതുമൂലം 5,910 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക സപ്ലെ ഓർഡർ നൽകാൻ തീരുമാനമെടുത്ത 13 - 3 - 18 ലെ പർച്ചേസ് കമ്മറ്റിയിൽ പങ്കെടുത്തെങ്കിലും വിയോജനം രേഖപ്പെടുത്താത്തതിനാൽ സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിൽ

ഒടുക്കേണ്ടതാണ്.

5) ഓഡിറ്റുവർഷവും മുൻവർഷവും റിസോഴ്സ് സെന്ററിനായി സാധനങ്ങൾ വാങ്ങിയെങ്കിലും സ്ഥാപനം ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 2017-18 ൽ ഇതിനായി ചെലവഴിച്ച തുകയിൽ നഷ്ടം കഴിച്ച് ബാക്കിയുള്ള 2,60,707/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. റിസോഴ്സ് സെൻറർ പ്രവർത്തനം ആരംഭിച്ച് അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

(തടസം-രൂ.2,60,707,നിരാകരണം-രൂ.5,910)

## 3-2 പകൽ വീടുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ ടെൻഡർ നടപടികളിൽ അപാകത - നഷ്ടം 65,010 രൂപ - വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തില്ല - തടസ്സം 1,499,010/- രൂപ

നിർവ്വഹണം-സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പകൽ വീടുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി (പദ്ധതി നം 90/18) ടെലിവിഷൻ , സീലിംഗ് ഫാൻ മൈക്ക് ,സ്റ്റാന്റ്, സ്പീക്കർ , ആംപ്ലിഫയർ , കാരം ബോർഡ് , ചെസ് ബോർഡ്, കിടക്ക എന്നിവ വാങ്ങി നൽകുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം . ഇതിനായി 9-02-18 ലെ C323/18 നമ്പരായി ദർഘാസ് ക്ഷണിച്ചിരുന്നു. ഇതിൽ 32 " LED ടെലിവിഷന് 3 സ്ഥാപനങ്ങൾ താൽപര്യം പ്രകടിപ്പിക്കുകയും ബി.സെക്യൂർ സൊല്യൂഷൻസ് എന്ന സ്ഥാപനം 15,999 രൂപക്കും വികാസ് ഹോം അപ്ലയൻസ് എന്ന സ്ഥാപനം 22,990 രൂപയ്ക്കും തമ്പുരാൻ കാലയിൽ എന്ന സ്ഥാപനം 28,900 രൂപയ്ക്കുമാണ് ബിഡ് നൽകിയത്. അതിൽ ബി.സെക്യൂർ എന്ന സ്ഥാപനം മറ്റൊരു പ്രോജക്ടിൽ സപ്ലൈ ഓർഡർ കൈപ്പറ്റിയശേഷം പിന്മാറിയിട്ടുള്ളതിനാൽ അവരെ ഒഴിവാക്കിയാലും പിന്നീട് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത വികാസ് ഹോം അപ്ലയൻസിനെ ഒഴിവാക്കിയാണ് ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത തമ്പുരാൻ കാലയിലിന് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. 13-3-2018-ലെ പർച്ചേസ് കമ്മറ്റിയുടെ തീരുമാനപ്രകാരമാണ് ആയത് നടപ്പിലാക്കിയത്. 11 ടെലിവിഷനുകൾ കൂടിയ നിരക്കിൽ വാങ്ങിയ വകയിൽ 65,010 രൂപയുടെ [11 x 28,900-11x22,990] നഷ്ടം ഉണ്ടായിട്ടുണ്ട്. [ബിൽനം: 86/18 തീയതി 31-3-18 പ്രകാരമുള്ള 4,28,825 രൂപയിൽ ടെലിവിഷന് നൽകിയത് 3,17,900 രൂപ ]. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 11 ന് മറുപടി നൽകിയില്ല.നഷ്ടം വന്ന 65,010/-രൂപ 13 - 3 - 18 ലെ പർച്ചേസ് കമ്മിറ്റിയിൽ പങ്കെടുത്തെങ്കിലും വിയോജനം രേഖപ്പെടുത്താത്തതിനാൽ സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടതാണ്. കൂടാതെ പദ്ധതി പ്രകാരം

15,64,020/-രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ചെലവ് വിവരങ്ങൾ ചുവടെ.

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 69/17-18 | 26-3-18 | 1,06,045 |
| 70/17-18 | 26-3-18 | 52,150 |
| 78/17-18 | 31-3-18 | 9,77,000 |
| 86/17-18 | 31-3-18 | 4,28,825 |
| | ആകെ | 15,64,020 |

എന്നാൽ മുഴുവൻ സാധനങ്ങളും ബ്ലോക്ക് ഓഫീസിലെ റൂമിൽ കൂട്ടിയിട്ടിരിക്കുകയാണ്. വിതരണം നടത്തി കൈപ്പറ്റ് വിവരം അറിയിക്കാത്തതിനാൽ ആകെ ചെലവിൽ നഷ്ടം കിഴിച്ചുള്ള 14,99,010 രൂപ തടസ്സപ്പെടുത്തുന്നു. വിതരണം നടത്തിയ ശേഷം പകൽ വീടുകളിൽ നിന്നുള്ള കൈപ്പറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.(നിരാകരണം-65,010/- രൂ,തടസം-14,99,010/- രൂ)

## 3-3 <u>വികസന വിദ്യാകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ - റീടെൻഡർ നടത്തിയില്ല</u>

നിർവ്വഹണം-സെക്രട്ടറി

വികസന വിദ്യാകേന്ദ്രങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള (പദ്ധതി നം: 81/18) പദ്ധതിയിൽ കസേരകളും കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 10 കസേരകളും 2 കമ്പ്യൂട്ടറും 2 പ്രിന്ററും വാങ്ങുന്നതിനായി 9 - 2 - 18 ൽ C323/18-നമ്പർ ദർഘാസ് ക്ഷണിച്ചിരുന്നു. വിവിധ പദ്ധതികൾക്കായുള്ള വാങ്ങലുകൾക്കായിട്ടാണ് പ്രസ്തുത ദർഘാസ് ക്ഷണിച്ചിട്ടുള്ളത് . ആയതിൽ കമ്പ്യൂട്ടറിനും പ്രിന്ററിനും ബി.സെക്യൂർ സൊല്യൂഷ്യൻസ് എന്ന ഒറ്റ സ്ഥാപനം മാത്രമാണ് പങ്കെടുത്തത്. ഒറ്റ സ്ഥാപനമായിട്ടും റീടെൻഡർ നടപടികൾക്ക് പോകാതെ ബി.സെക്യൂർ സൊലൂഷൻസിന് സപ്ലൈ ഓർഡർ നൽകുകയാണുണ്ടായത്. സപ്ലൈ ഓർഡർ പ്രകാരം സ്ഥാപനം കമ്പ്യൂട്ടർ ഒന്നിന് 26,150 രൂപ നിരക്കിലും പ്രിൻറർ ഒന്നിന് 8,796/- രൂപ നിരക്കിലുമാണ് വിതരണം നടത്തേണ്ടത്. എന്നാൽ വിതരണം ചെയ്യേണ്ട സാധനങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനാൽ ലോക്കൽ പർച്ചേസിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പ്യൂട്ടർ

പാർക്ക്, അഞ്ചൽ .എന്ന സ്ഥാപനത്തിൽനിന്നും സാധനങ്ങൾ വാങ്ങുകയുമാണുണ്ടായത്. പ്രസ്തുത സ്ഥാപനം കമ്പ്യൂട്ടർ ഒന്നിന് 30,600/- രൂപയും പ്രിന്റർ ഒന്നിന് 10,200 രൂപയുമാണ് വില ഈടാക്കിയിട്ടുള്ളത്. തുകകളിൽ അന്തരമുള്ളതിനാൽ ആദ്യം സപ്ലൈ ഓർഡർ നൽകിയ സ്ഥാപനത്തിന്റെ നിരക്കുമായി വിലപേശൽ നടത്തേണ്ടതായിരുന്നു. ആയതിന് നടപടികളുണ്ടായില്ല. ഇതു സംബന്ധിച്ച് 18/12/2018-ൽ നൽകിയ ഓഡിറ്റ് എൻക്വയറി 11 ന് മറുപടി നൽകിയില്ല. റീടെൻഡർ, വിലപേശൽ എന്നിവ ഉണ്ടാകാത്തതിന് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഉണ്ടാവാതിരിക്കാൻ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## **3-4** വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (രൂ) | ചെലവ് തുക (രൂ) | ബിൽ നമ്പർ/തീയതി | തുക സ്ഥാപിച്ച സ്ഥാപനം |
|---|---|---|---|---|---|
| 1. | എസ്.0080/18- എസ്.എസ്.എൽ.സി, പ്ലസ് ടു- തുല്യതാ കോഴ്സ് | 1,00,000/- | 75,950/- | 39/17-18, 12.1.18 38/17-18 12.1.18 45/17-18, 28.3.18 | സംസ്ഥാന സാക്ഷരതാ മിഷൻ |
| 2. | എസ്.0131/18 -കിണർ റീചാർജിംഗ് | 24,00,000/- | 24,00,000/- | 27/17-18, 12.1.18 | സെക്രട്ടറി , ആര്യങ്കാവ് പഞ്ചായത്ത് |
| 3. | എസ്.0134/18 -സി.എച്ച്.സി കളത്തുപ്പുഴക്ക് 3 ഫേസ് കണക്ഷൻ | 40,000/- | 40,000/- | 68/17-17, 23.3.18 | അസി.എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി |
| 4. | എസ്.0096/18- പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി(scp) | 4371000/- | 41,73,500/- | 9/17-18, 23.10.17 10/17-18,23.10.17 40/17-18, 17.1318 | PH Division KWA |
| 5. | എസ്.0067/18- ശാരീരിക മാനസിക | 15,00,000/- | 11,34,275/- | 52/17-18 , 23.11.2017 | കരവാളൂർ ഗ്രാമ പഞ്ചായത്ത്, |

| | | | | | |
|---|---|---|---|---|---|
| | വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ബ്ലോക്ക് വിഹിതം നൽകൽ | | | 55/17-18, 25.11.17 133/17-18, 28.2.18 153/17-18, 14.3.18 154/17-18, 14.3.18 155/17-18, 14.3.18 156/17-18, 14.3.18 157/17-18, 15.3.18 | അഞ്ചൽ ഗ്രാമ പഞ്ചായത്ത്, ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത്, ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത്, തെന്മല ഗ്രാമ പഞ്ചായത്ത്, ഏരൂർ ഗ്രാമ പഞ്ചായത്ത്, കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത്. |
| 6. | എസ്.0155/18-- പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി(scp)- അധിക തുക വകയിരുത്തൽ | 75,68,000/- | 72,23,000/- | 48/17-18, 8.11.17 49/17-18, 8.11.17 76/17-18, 28.12.17 92/17-18, 19.1.18 93/17-18, 19.1.18 146/17-18, 6.3.18 | PH Division KWA |
| 7. | എസ്.0069/18- ആർച്ചൽ അംഗണവാടി കെട്ടിടത്തിന് വിഹിതം നൽകൽ | 34,37,50/- | 34,37,50/- | 35/17-18, 23.10.17 | സെക്രട്ടറി, അഞ്ചൽ ഗ്രാമ പഞ്ചായത്ത് |
| 8. | എസ്.0097/18- ബ്ലോക്കിലെ പഞ്ചായത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 18,00,000/- | 18,00,000/- | 66/17-18, 12.12.17 145/17-18, 16.3.18 | PH Division KWA |

| | | | | | |
|---|---|---|---|---|---|
| | | | | 207/17-18,28.3.18 | |
| 9. | എസ്.0160/18- കരിമ്പിൻകോണം- ജന്മിക്കോണം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 8,00,000/- | 8,00,000/- | 73/17-18, 28.12.17 | PH Division KWA |
| 10. | എസ്.0108/18- ബഡ്സ് സ്കൂൾ റിഹാബിലിറ്റേഷൻ | 1865000/- | 432000/- | 50/17-18, 13.11.17 | സെക്രട്ടറി, ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് |
| 11. | എസ്.0139/18 | 1,00,000/- | 1,00,000/- | 108/17-18, 2.2.18 | PH Division KWA |

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക 1,85,22,475/-രൂപ. വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ബ്ലോക്ക് തല കായിക ടീം രൂപീകരണം-പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ

പദ്ധതി- എസ്.0079/18-ബ്ലോക്ക് തല കായിക ടീം രൂപീകരണം

അടങ്കൽ തുക-2,10,000/-രൂപ

ചെലവ് തുക-1,13,168/-രൂപ
(ബിൽ നം.205/17-18, 55,000/-, 26.3.18,

ബിൽ നം.206/17-18, 58,168-രൂപ,28.3.17)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം. 10/18.12.2018

ബ്ലോക്ക് തലത്തിൽ ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി, ബാഡ്മിൻ്റൺ എന്നീ ടീമുകൾ രൂപീകരിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മൈ സൈക്കിൾ വേൾഡ് & സ്പോർട്ട്സ് ക്ലബ് എന്ന സ്ഥാപനത്തിൽനിന്നും 88,668/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.
2. സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തത് വിതരണം നടത്തിയതിനു യാതൊരു രേഖയും ഇല്ല.

3. പദ്ധതിയിൽ വിഭാവനം ചെയ്തപ്രകാരം കായിക ടീമുകളെ രൂപീകരിച്ചതായി

തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ തന്നെ പ്രോജക്ട് നടത്തിപ്പ് എപ്രകാരമായിരുന്നെന്നും ഏതൊക്കെ പഞ്ചായത്തുകളിൽ /സ്കൂളുകളിൽ കായിക ടീമുകളെ രൂപീകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തി എന്നും ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

പദ്ധതിയെ സംബന്ധിച്ച് യാതൊരു വിധ മോണിറ്ററിംഗും ഉത്തരവാദപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നത് ഗുരുതരമായ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയ്ക്കായി യാതൊരു തുടർപ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടില്ല. വരും തലമുറക്ക് ഏറെ പ്രയോജനപ്രദമാക്കേണ്ട പദ്ധതി കേവലം കായികോപകരണങ്ങളുടെ വാങ്ങൽ മാത്രമായി പരിമിതപ്പെട്ടു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം ഉത്തരവാദപ്പെട്ടവരുടെ അനാസ്ഥ കാരണം പദ്ധതിപ്പണം പാഴ് ചെലവാകുന്ന അവസ്ഥയിലെത്തുന്നത് നീതീകരിക്കാനാവില്ല. വിഷയത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ വിവരിച്ച കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 1,13,168/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പ്രോജക്ടുനടത്തിപ്പിന്റെ മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, മറ്റ് രേഖകൾ ഇവ ലഭ്യമാക്കി പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 1,13,168/-രൂപ

## 3-6 ക്രമപ്രകാരമല്ലാതെ പദ്ധതി വിഹിതത്തിൽനിന്നും ചെലവ് ചെയ്തു

1. പദ്ധതി- എസ്.0001/18-പദ്ധതി രൂപീകരണം, നിർവ്വഹണം, നിരീക്ഷണം

അടങ്കൽ തുക-2,00,000/-രൂപ

ചെലവ് തുക-2,00,000/--രൂപ (ബിൽ നം.64/17-18,76,200/-, 12.12.17,

ബിൽ നം.89/17-18, 1,23,800/-രൂപ, 28.3.17)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം.9/18-12-2018

മേൽ പരാമർശിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചൽ സി.എച്ച്.സി യുടെ സ്റ്റെയർകെയ്സ് കോൺക്രീറ്റ് കട്ടിംഗിനായി വീണാ ഇൻഡസ്ട്രീസിന് 5,000/-രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നീ പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്ത

ഇനത്തെ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പൊതുസ്ഥലങ്ങളിൽ കശുമാവ്കൃഷി -മുന്നൊരുക്കങ്ങളില്ലാതെ പദ്ധതി നടപ്പാക്കി

പദ്ധതി - എസ്.0104/18- പൊതുസ്ഥലങ്ങളിൽ കശുമാവ്കൃഷി

അടങ്കൽ - 4,24,000/-രൂ (വികസനഫണ്ട്)

ചെലവ്- 4,24,000/-രൂ (ബിൽ നം. 2/17-18, 28.11.17)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

ഓഡിറ്റ് എൻക്വയറി നം. 1/ 13.12.18

കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൻെറ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ/ മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടുന്നതിനായി 11158 കശുമാവിൻ തൈകൾ വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻെറ 23.11.2017 ലെ 36 നമ്പർ ഇൻവോയ്സ് പ്രകാരം 35 /-രൂപ നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ആകെ 4,24,000/-രൂ നൽകിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്കുരജിസ്റ്റർപ്രകാരം,ആകെ ലഭ്യമായ 2915 കശുമാവിൻ തൈകളുടെ വിതരണവിവരം ചുവടെ ചേർക്കുന്നു.

| തീയതി | ലഭ്യമായ തൈകളുടെ എണ്ണം | വിതരണം ചെയ്ത തൈകളുടെ എണ്ണം/നൽകിയ സ്ഥാപനത്തിന്റെ വിവരങ്ങൾ | വിതരണം ചെയ്യാൻ ശേഷിക്കുന്നവ |
|---|---|---|---|
| 16.5.18 | 115 | 115,അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നടാൻ ഉപയോഗിച്ചു | |
| 13.7.18 | 800 | 150,ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർക്ക് നൽകി | 650 |
| 30.10.2018 | 2000 | 2000,ആർ.പി.എൽ | |

13.7.18 ൽ ലഭിച്ചതൈകളിൽ 650 എണ്ണം നശിച്ചു പോയെന്ന് മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി എ.ഡി.എ അറിയിച്ചിട്ടുണ്ട്. മുന്നൊരുക്കങ്ങളില്ലാതെയും തൈകൾ സംരക്ഷിക്കാനുള്ള യാതൊരു സംവിധാനവും ഒരുക്കാതെയും പദ്ധതി നടപ്പാക്കിയതിനാലാണ് ഇപ്രകാരം തൈകൾ നശിച്ച് പദ്ധതിപ്പണം പാഴായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതിനാൽ നശിച്ചുപോയ 650 കശുമാവിൻ തൈകളുടെ വിലയായ 22,750/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

2.അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നട്ടതായി രേഖപ്പെടുത്തിയ 115 എണ്ണം തൈകളിൽ ഒന്നുപോലും എൻ.ആർ.ഇ.ജി.എസ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ 17.12.18 തീയതിയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയില്ല.

3. 150 എണ്ണം തൈകൾ എൻ.ആർ.ഇ.ജി.എസ് എൻജിനീയർക്ക് നൽകിയത് എങ്ങനെ ഉപയോഗിച്ചുവെന്നതിന് രേഖകളില്ല.

4.പൊതുമേഖലാസ്ഥാപനമായ RPL ന് 2000 തൈകൾ നൽകിയതിന്റെ അടിസ്ഥാനം ബോദ്ധ്യപ്പെട്ടിട്ടില്ല.

5.പദ്ധതി എപ്രകാരം നടപ്പാക്കി എന്നതു സംബന്ധിച്ച് വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ വിലയിരുത്തൽ/അവലോകനം ഉണ്ടായിട്ടില്ല.

ആകെ 4,24,000/-രൂപ 1158 എണ്ണം തൈകൾക്കായി കേരളാ സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷന നൽകിയതിൽ 8,243 എണ്ണം നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,88,505/-രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(തടസം-2,88,505/-രൂപ,നിരാകരണം-22,750/- രൂപ)

## 3-8 അഗസ്ത്യക്കോട്-മങ്ങാട്ട് പൊയ്ക റോഡ് റീടാറിംഗ്,5/18

പ്രോജക്ട് – അഗസ്ത്യക്കോട് മങ്ങാട് പൊയ്ക റോഡ് റീ ടാറിംഗ് – 5/18
പ്രോജക്ട് നം-5/18
ചെലവ് തുക-3,07,869(12/25.7.17)
നിർവ്വഹണം- അസി.എക്സി.എഞ്ചിനീയർ
2015.16 വർഷം നം 16/16 ആയി ഏറ്റെടുത്ത മേൽ പ്രോജക്ട് കരാറുകാരനായ ശ്രീ.സുരേന്ദ്രൻ 14.10.15 ൽ ആരംഭിച്ച് 27.10.15 ൽ പൂർത്തിയാക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാൻ സമർപ്പിച്ച ടെണ്ടർ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. 3,75,000/- രൂപ അടങ്കലായിരുന്ന മേൽ പ്രോജക്ട് 2015-16 വർഷം പൂർത്തീകരിച്ചെങ്കിലും കരാറുകാരന് പ്രതിഫലതുക നൽകിയത് 25.7.2017 ൽ മാത്രമാണ്. 2015-16, 2016-17 വർഷങ്ങളിൽ മതിയായ ഫണ്ട് ഉണ്ടായിരുന്നിട്ടും തുക നൽകാൻ താമസം വരുത്തിയതിന് കാരണം രേഖാമൂലം അറിയിക്കാൻ അവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രവൃത്തിയുടെ അളവുകൾ സമ്മതിച്ചത് 6.6.2017-ലാണെന്നും അതിനാലാണ് കാലതാമസം വരുത്തിയതെന്നും മറുപടി ലഭ്യമാക്കി. സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തിപൂർത്തീകരിക്കുന്ന കരാറുകാരുടെ പ്രതിഫലത്തുക യഥാസമയം നൽകാത്തത് നിയമനടപടിയ്ക്ക് ഇടയാക്കുമെന്നതിനാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-7/18.12.2018)

## 3-9 പത്തടി അക്കീക്കൽ തുമ്പോട് റോഡ് റീടാറിംഗ്,25/18

പ്രോജക്ട് നം-25/18
നിർവ്വഹണം- അസി.എക്സി.എഞ്ചിനീയർ
ചെലവ് തുക -8,70,363(ബിൽ നം-18/10.8.17)
1265 മീറ്റർ റോഡ് റീടാറിംഗിനായി 4 ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തതിൻപ്രകാരം ഓരോ ഇനത്തിനും കുറഞ്ഞ നിരക്ക്

ക്വാട്ട് ചെയ്ത ശ്രീ. അനിൽകുമാറിന്റെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകുകയും പ്രവൃത്തി നിർവ്വഹണത്തിനായി 15. 12.2016 ൽ സ്ഥലം കൈമാറുകയും ചെയ്തു. എന്നാൽ അതിനുശേഷം പ്രവൃത്തി നിർവ്വഹണവേളയിൽ പുതിയ 7 ഇനങ്ങൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നിർവ്വഹണം നടത്തിക്കാണുന്നു. എന്നാൽ റിവൈസ് ചെയ്ത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ടായ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല കരാർപ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്ന വേളയിൽ വിവിധ ഇനങ്ങൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്തതിൽനിന്ന് വ്യത്യസ്തമായ നിരക്കുകൾ ഒരേ ഇനത്തിന് നൽകി. പ്രവൃത്തിയുടെ 4 ാം ഇനമായ sealcoat manual means....എന്ന ഇനത്തിന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് സ്ക്വയർ മീറ്ററിന് 53 രൂപയായിരുന്നു. എന്നാൽ കൂട്ടിചേർക്കപ്പെട്ട ഇനം നം.7 ന് ഇതേ പ്രവൃത്തിയ്ക്കായി 646.765 സ്ക്വയർ മീറ്ററിന് 54.3 രൂപ (എസ്റ്റിമേറ്റ് നിരക്കിൽ) നിരക്കിൽ 35,138.74/- രൂപ നൽകി. ക്വോട്ട് ചെയ്ത നിരക്കിനുപരിയായി പ്രതിഫലം നൽകിയതുവഴി 840 രൂപയുടെ അധികചെലവുണ്ടായി. ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(നിരാകരണം-840/-,ഓഡിറ്റ് എൻക്വയറി നം- 7/18.12.2018)

## **3-10** രേഖകൾ ലഭ്യമല്ല, തടസ്സപ്പെടുത്തുന്ന തുക **75,000/-**രൂപ

പ്രോജക്ട്.എസ്.0106/18-

നിർവ്വഹണം-എ.ഡി.എ

ചെലവ് തുക-75,000/-രൂപ (ബിൽ നം.3/17-18, 23.3.18)

കൃഷി വകുപ്പ് /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിപണന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായം നൽകുന്നതിനായി ആവിഷ്കരിച്ച് എ.ഡി.എ നിർവ്വഹണം നടത്തിയ പദ്ധതിയിൽ വി.എഫ്.പി.സി.കെ ചുണ്ണപ്പേട്ടയ്ക്ക 75,000/-രൂപ നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി വാങ്ങിയിട്ടുള്ള വെയിംഗ് സ്കെയിൽ, കംപ്യൂട്ടർ, യു.പി.എസ്, എക്ലൈഡ്, റെയ്ഡ്കോ വീൽ ബാരോ, പ്രിൻറർ, കംപ്യൂട്ടർ ടേബിൾ, സീലിംഗ് ഫാൻ എന്നിവ സ്റ്റോക്കിലെടുത്തത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിൻെറ രേഖകൾ പരിശോധനക്ക ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവുതുകയായ 75,000/-രൂപ തടസ്സപ്പെടുത്തുന്നു. സ്റ്റോക്കുരജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക്

ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-11 <u>കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തത് സംബന്ധിച്ച്</u>

പ്രോജക്ട് നം. : എസ്.118/18

പ്രോജക്ടിൻെറ പേര് :ആയുർവ്വേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക : 10,40,000/-രൂ, (മെയിൻ്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് : 10,40,000/-രൂ (ചെക്ക് നം.)

ബിൽ നം, തീയതി 2/17-18,13/10/17

2017-18 വർഷം ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ആയുർവ്വേദാശുപത്രിയ്ക്ക് മരുന്നവാങ്ങൽ എന്ന പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതായും അവശേഷിക്കുന്നതായും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു. ഇതിൽനിന്നും ആവശ്യത്തിനനുസരിച്ചല്ല മരുന്നുകൾ വാങ്ങുന്നതെന്ന് ബോധ്യമാകുന്നു. കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നത് ഗുരുതരമായ വീഴ്ചയാണ്.രോഗികളുടെ ആരോഗ്യത്തെ സംരക്ഷിക്കാൻ ചുമതലപ്പെട്ട മെഡിക്കൽ വിഭാഗത്തിൽതന്നെ ഇപ്രകാരം ആരോഗ്യത്തിന് ഹാനികരമായ കാര്യങ്ങൾ ചെയ്യുന്നത് ന്യായികരിക്കത്തക്കതല്ല. അലർജി, തലവേദന എന്നിവയ്ക്ക് നൽകിയ മരുന്നുകളാണ് കാലാവധി കഴിഞ്ഞും വിതരണം ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിൻെറ പേര് | പെർ ഫോമ ഇൻവോയിസ് നം /തീയതി. | പെർ ഫോമ ഇൻവോയിസ് പ്രകാരം ആവശ്യപ്പെട്ട അളവ് | ഇൻവോയ്സ് നം./ലഭിച്ച തീയതി | ലഭിച്ച അളവ് | മാനുഫാക്ചറിംഗ് തീയതി | എക്സ്പെയറി തീയതി | വിതരണം ചെയ്ത തീയതി/ അളവ് | അവശേഷിക്കുന്ന അളവ്/ചെലവ് തുക |
|---|---|---|---|---|---|---|---|---|
| നീലി തുളസ്യാദി കഷായം | 31220/ 25.09.17 | 75 കി.ഗ്രാം. | 90044629/ 14.12.17 | 20 കി.ഗ്രാം. | 5/2016 | 5 /2018 | 13.10.2018/ 15 കി.ഗ്രാം. | 60 കി.ഗ്രാം. @270.9-16254 |
| | | | | 51 കി.ഗ്രാം. | 3/2017 | 3 /2019 | | |
| | | | 90052966/ 7.2.18 | 3 കി.ഗ്രാം. | 3/2017 | 3/ 2019 | | |
| | | | | 1 കി.ഗ്രാം. | 12/2017 | 12/ 2019 | | |
| ശുദ്ധ | 31220/ | 100 | 90065036/ | 58 | 7/2015 | 6/ | 2.11.18/ | 80 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 28.5.18 | ബോട്ടിൽ | | 2018 | 20ബോട്ടിൽ | ബോട്ടിൽ @ @87.15-6972 |
| ദൂർവാധി കോക്കനട്ട് ഓയിൽ -450ml | 25.9.17 | ബോട്ടിൽ | 90072894/ 13.7.18 | 36 ബോട്ടിൽ | 6/2018 | 5/ 2021 | | |
| | | | 90083800/ 27.09.18 | 6 ബോട്ടിൽ | 6/2018 | 5/ 2021 | 1.12.18/ 10 ബോട്ടിൽ | 70 ബോട്ടിൽ @ 87.15-6100.5 |
| Total | | | | | | | | 29326.50 |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ തിരികെനൽകി പുതിയ മരുന്നുകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. എക്സ്പെയറി കഴിഞ്ഞ മരുന്നുകളുടെ വില 29,326 രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. പുതിയ മരുന്നുകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്. എക്സ്പെയറി കഴിഞ്ഞ മരുന്നുകൾ ലഭ്യമാക്കിയതും പരിശോധനകൂടാതെ ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതും നീതികരിക്കാനാകില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ഉണ്ടാകേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് വേണ്ട തുടർ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

## 3-12 <u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല</u>

കുളത്തുപ്പുഴ സി.എച്ച്.സി മെഡിക്കൽ ഓഫീസർ , അഞ്ചൽ സി.എച്ച്.സി മെഡിക്കൽ ഓഫീസർ എന്നിവർ വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | അടങ്കൽ തുക | ബില്ല്-ചെക്ക് നം. /തീ | ചെലവ്തുക (രൂപ) | കെ.എം. സി.എൽ പ്രോഫോമ നം.തീ | ലഭിക്കാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|---|
| 1. | 159/18- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന് വാങ്ങൽ- വികസനഫണ്ട് അഞ്ചൽ സി.എച്ച്.സി | 2,00,000 (MGNR) | 2/17-18-30.1.18 | 2,00,000 | PRF3843/ 29.1.2018 | 1,21,127 |

| | | | | | | |
|---|---|---|---|---|---|---|
| 2. | 121/18-<br>മരുന്ന് വാങ്ങൽ-റോഡിതരം<br>അഞ്ചൽ സി.എച്ച്.സി | 20,00,000<br>(MGNR) | 1/17-18-11.10.17 | 20,00,000 | PRF820/<br>22.09.17 | 43,800 |
| 3. | 158/18<br>വൃദ്ധരായ<br>കിടപ്പുരോഗികൾക്ക്<br>ഉപകരണങ്ങൾ/മരുന്നു<br>വാങ്ങി നൽകൽ<br>അഞ്ചൽ സി.എച്ച്.സി | 14,65,000<br>വികസന<br>ഫണ്ട് | 3/17-18-13.03.18 | 14,65,000 | PRF4665/<br>,PRF1616/<br>03.03.18 | 5,29,095 |
| 4. | 109/18<br>കുളത്തുപ്പുഴ സി.എച്ച്.സിക്ക<br>മരുന്ന് വാങ്ങൽ | 20,00,000<br>(MGNR) | 1/17-18<br>-14-12-18 | 20,00,000 | PRF157/,<br>PRF2188/<br>17.11.17 | 6,32,642 |
| 5. | 116/18<br>പട്ടിക വർഗ്ഗ കോളനികളിൽ<br>മെഡിക്കൽ<br>ക്യാംപ്<br>കുളത്തുപ്പുഴ സി.എച്ച്.സി | 3,00,000<br>ടി.എസ്സ്.പി | 2/17-18-12-1-18 | 3,00,000 | PRF2894/,<br>PRF597/<br>14.12.17 | 3,00,000 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-13 നാപ്കിൻ യൂണിറ്റ് സ്ഥാപിക്കൽ -ടെണ്ടർ അപാകത

| | |
|---|---|
| പ്രോജക്ട് നം. | എസ്.127/18 |
| പ്രോജക്ടിൻെറ പേര് | പൊതുസ്ഥലങ്ങളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് &ഡിസ്പോസിംഗ് യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 2,50,000 /-രൂ,<br>(വികസന ഫണ്ട് ,ജനറൽ) |
| ചെലവ് | 2,49,000/-രൂ |
| ബിൽ നം, തീയതി | 4/17-18,14/03/18(1,24,000/-);<br>5/17-18,28/03/18(1,25,000/-) |
| നിർവഹണ ഉദ്യോഗസ്ഥ | ശ്രീമതി.ഷക്കീലാബീവി,<br>ശിശുവികസന പ്രോജക്ട് ഓഫീസർ |

2017-18 സാമ്പത്തിക വർഷം ശിശുവികസന പ്രോജക്റ്റ് ഓഫീസർ നിർവഹണം നടത്തിയ പൊതുസ്ഥലങ്ങളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് &ഡിസ്പോസിംഗ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി രണ്ട് തവണ ടെണ്ടർ ക്ഷണിച്ചതിനാൽ 1000/- രൂപ നഷ്ടം സംഭവിച്ചു.

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്,അഞ്ചൽ സി.എച്ച്.സി., കുളത്തൂപ്പുഴ സി.എച്ച്.സി., അഞ്ചൽ മിനിസിവിൽസ്റ്റേഷൻ എന്നീ 4 സ്ഥലങ്ങളിൽ നാപ്കിൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 13/12/17ൽ ടെണ്ടർ പരസ്യം നൽകി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്കായ 1,24,000/- രൂപ ക്വോട്ട് ചെയ്ത ഓൺട്രാക്ക് എന്റർപ്രൈസസ്,കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽനിന്ന് 28.02.18 ലെ 282-ാം നമ്പർ ഇൻവോയിസ് പ്രകാരം യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. പിന്നീട് ഭാരതീപുരം പി.എച്ച്.സി, ആയൂർ ആയൂർവ്വേദാശുപത്രി, കരവാളൂർ പി.എച്ച്.സി., തെൻമല എക്കോടൂറിസം എന്നീ 4 സ്ഥലങ്ങളിൽകൂടി സാഥാപിക്കുന്നതിനായി 27.2.18 ൽ ടെണ്ടർ പരസ്യം നൽകി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞനിരക്കായ 1,25,000/- രൂപ ക്വോട്ട് ചെയ്ത മേൽ സ്ഥാപനത്തിൽ നിന്ന് 23.3.18 ലെ 333-ാം നമ്പർ ഇൻവോയിസ് പ്രകാരം യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു.

പ്രോജക്റ്റിൽ ആവശ്യമായ തുക വകയിരുത്തിയിരിക്കെ 8 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരുമിച്ച് ടെണ്ടർ ക്ഷണിക്കാതെ 4 യൂണിറ്റുകൾ വീതം സ്ഥാപിക്കുന്നതിന് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിരിക്കുന്നു. ആദ്യതവണ അംഗീകരിച്ച നിരക്കിനേക്കാൾ 1,000/- രൂപ കൂടുതലായി നൽകേണ്ടി വന്നു. നെഗോസിയേഷനിൽ ഏർപ്പെടാതെ കൂടിയ നിരക്ക് അംഗീകരിച്ചു.ഒരേ സ്ഥാപനംതന്നെ ആദ്യതവണ ( 28.02.18 ) സ്ഥാപിച്ച അതേ സ്പെസിഫിക്കേഷനിലുള്ള യൂണിറ്റുകൾ തന്നെ രണ്ടാം തവണ (23.3.18) എതാനും ദിവസങ്ങളുടെ മാത്രം വ്യത്യാസത്തിൽ സ്ഥാപിച്ചപ്പോൾ 1,000/-രൂപ നഷ്ടമായി. നെഗോസ്യേഷൻചെയ്തിരുന്നെങ്കിലോ ആദ്യക്വട്ടേഷനിൽ തന്നെ 8 യൂണിറ്റുകളും സ്ഥാപിച്ചിരുന്നുവെങ്കിലോ ഈ നഷ്ടം ഒഴിവാക്കാമായിരുന്നു.ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും തെൻമല എക്കോടൂറിസം, അഞ്ചൽ മിനിസിവിൽസ്റ്റേഷൻ , കുളത്തൂപ്പുഴ സി.എച്ച്.സി.എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം./തീയതി-6/17.12.18

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,96,54,797 | പി.എം.എ.വൈ | 2,75,32,861 | 86,61,486 |
| അഞ്ചൽ ഗ്രാമപഞ്ചായത്ത് | 2017-18 | 8,20,000 | പി.എം.എ.വൈ | | |
| അലയമൺ ഗ്രാമപഞ്ചായത്ത് | 2017-18 | 26,06,050 | പി.എം.എ.വൈ | | |
| ഏരൂർ ഗ്രാമപഞ്ചായത്ത് | 2017-18 | 5,00,000 | പി.എം.എ.വൈ | | |
| കരവാളൂർ ഗ്രാമപഞ്ചായത്ത് | 2017-18 | 3,95,000 | പി.എം.എ.വൈ | | |
| ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | 2017-18 | 18,18,500 | പി.എം.എ.വൈ | | |
| തെന്മല ഗ്രാമപഞ്ചായത്ത് | 2017-18 | 1,20,000 | പി.എം.എ.വൈ | | |
| കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | 2017-18 | 2,80,000 | പി.എം.എ.വൈ | | |
| | ആകെ | **3,61,94,347** | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | ബ്ലോക്കിലെ പഞ്ചായത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 18,00,000 | 18,00,000 | - |
| കേരള വാട്ടർ അതോറിട്ടി | എസ്.സി കോളനി കുടിവെള്ള പദ്ധതി | | 41,73,500 | 41,73,500 | 0 |
| കേരള വാട്ടർ അതോറിട്ടി | അഞ്ചൽ സി.എച്ച്.സി ജപ്പാൻകുടിവെള്ള പദ്ധതി | | 1,00,000/- | 1,00,000 | 0 |
| | എസ്.സി കോളനി കുടിവെള്ള പദ്ധതി,അധികതുക വകയിരുത്തൽ | | 72,23,000 | 72,23,000 | 0 |
| | കരിമ്പിൻതോട്ടം ജന്മിക്കോണം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 8,00,000 | 8,00,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | ഇല്ല | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം- | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | - | 2001-2002 | 1-2 | ആംബുലൻസ് ഷെഡ് നിർമ്മാണം 21394 രൂപയുടെ അധിക ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 1999-2000 | 20 | 2002-2003 | VII 2-4-1 | ആംബുലൻസിൽ നിന്നുള്ള വരവ് ധനദുർവിനിയോഗം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2000-2001 | 3-1 | 2004-2005 | II 2-1 | കാർഷിക മേള നടത്തിയതിൽ അനധികൃത ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2011-12 | 3-43 | 2013-14 | 5-3-15 | കരുകോൺ വനിത പ്രവർത്തന കേന്ദ്രം | വിശദാംശങ്ങൾ ലഭ്യമല്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ഇല്ല | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | ഇല്ല | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 39,43,83,664 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | :30,93,21,508 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 94,510/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,07,88,191/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,910 | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-2 | | 65,010 | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-7 | | 22,750 | ശ്രീ.കുരികേശു,എ.ഡി.എ |
| 3-9 | | 840 | ശ്രീ.വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,60,707 | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-2 | 14,99,010 | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-4 | 1,85,22,475 | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-5 | 1,13,168 | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-7 | 2,88,505 | ശ്രീ.കുരികേശു,എ.ഡി.എ |
| 3-10 | 75,000 | ശ്രീ.കുരികേശു,എ.ഡി.എ |
| 3-11 | 29,326 | ഡോ.ശ്യാംകൃഷ്ണൻ, മെഡിക്കൽ ഓഫീസർ,ആയുർവേദം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | ഇടയിൽവീട്, ഭാരതീപുരം(പി.ഓ), ഏരൂർ(വഴി),അഞ്ചൽ |
| ശ്രീ.വിജയകുമാർ, എ.എക്സ്.ഇ | എ.എക്സ്.ഇ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | കർണ്ണികാരം, 15എ,പട്ടത്താനം നഗർ,പട്ടത്താനം(പി.ഒ), കൊല്ലം |
| ശ്രീ.കുരികേശു, എ.ഡി.എ | എ.ഡി.എ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | ചരുവിളപറങ്കാം വീട്, ചെങ്ങമനാട്, കൊട്ടാരക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 2 | 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 3 | 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 4 | 1999-2000 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 5 | 2000-01 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 6 |

| | | | |
|---|---|---|---|
| 6 | 2001-02 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 3 |
| 7 | 2002-03 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 8 | 2003-04 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 8 |
| 9 | 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 10 | 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 5 |
| 11 | 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.1377(2)- തീയതി 23-06-2014 | 13 |
| 12 | 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.1377(3)- തീയതി 23-06-2014 | 7 |
| 13 | 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1377(4)- തീയതി 23-06-2014 | 14 |
| 14 | 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1377(5)- തീയതി 27-06-2014 | 7 |
| 15 | 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1377(6)- തീയതി 27-06-2014 | 6 |
| 16 | 2011-12&<br>2012-13 | എൽ.എഫ്.ക്യൂ.ഡി.ബി.790/14- തീയതി 07-11-14<br>/ 30-01-2015 | 42 |
| 17 | 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 1734/16,20.02.17457/ | 17 |
| 18 | 2015-16 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 457/17/13.3.17 | 20 |
| 19. | 2016-17 | കെ.എസ്.എ.കെ.എൽ.എം.പി1/2005/17/27.11.17 | 14 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ. കെ.എൽ.എം - പി.1/04/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –11/03/2019

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം